പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1033

14/06/2012-ൽ മറുപടി
നല്കേണ്ടത്

## ഹാരിസൺ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ വനഭൂമി കയ്യേറ്റം

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ.എൻ.എ.നെല്ലിക്കുന്ന്:
ശ്രീ.പി. ഉബൈദുള്ള:
ശ്രീ.കെ.എം.ഷാജി:

(എ) ഹാരിസൺ പ്ലാന്റേഷൻസ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ പലഭാഗത്തും വനഭൂമി കൈവശപ്പെടുത്തി പട്ടയം തരപ്പെടുത്തിയത് വ്യാജരേഖകളുടെയും കൃത്രിമവിവരങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് വസ്തുതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തോട്ടം മേഖലയിൽ വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ വനഭൂമിയും മറ്റ് സർക്കാർ ഭൂമിയും കൈയേറുകയും പട്ടയം നേടുകയും ചെയ്തതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി)പ്രസ്തുത വിഷയത്തിൽ റവന്യൂ, ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സംയുക്ത ടീം രൂപീകരിച്ച് പരിശോധനനടത്തി അന്യാധീനപ്പെട്ട സർക്കാർ ഭൂമി കണ്ടെത്തി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ഉണ്ട്

(ബി) യും (സി) യും (ഡി) യും

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം കൈവശം വച്ചിട്ടുള്ള ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് പരാതികളും പത്ര വാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഉന്നതതല സമിതി ഇക്കാര്യത്തിൽ അന്വേഷണം നടത്തിയത്. ഇത് കൂടാതെ എച്ച്.എം.എൽ. കൈവശം വച്ചിട്ടുള്ള ഭൂമിയുടെ ഉടമസ്ഥത (Titleship) പരിശോധിച്ച് ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ ഹാരിസൺ മലയാളം കമ്പനിക്കെതിരായ ആരോപണങ്ങളെ സംബന്ധിച്ച ഉന്നതതല സമിതി സമർപ്പിച്ച റിപ്പോർട്ടിന് ആധാരമാക്കിയ രേഖകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി റിട്ട. ജഡ്ജിയായ ശ്രീ. മനോഹരനെ നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളുടെയും ഒക്കെ അടിസ്ഥാനത്തിലാണ് സർക്കാർ എച്ച്.എം.എൽ.നെതിരെ ബഹു. ഹൈക്കോടതിയിൽ OP(C) 3508/11 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത വിഷയം ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ